**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6110** **07.11.2016 ൽ മറുപടിയ്ക്ക്**

**കുട്ടനാട് പാക്കേജ്**

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| **ശ്രീ. തോമസ് ചാണ്ടി** | **ശ്രീ. വി.എസ്. സുനിൽ കുമാർ (ബഹു. കൃഷി വകുപ്പ് മന്ത്രി)** |
| (എ) കുട്ടനാട് പാക്കേജിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ; | എ) കുട്ടനാടിന്റെ സവിശേഷമായ പരിസ്ഥിതി, ജൈവവൈവിധ്യം എന്നിവ പരിരക്ഷിച്ചുകൊണ്ട് ടി മേഖലയിലെ കാർഷിക അനുബന്ധ മേഖലകളുടെ സമഗ്ര വികസനം ലക്ഷ്യമാക്കിക്കൊണ്ടാണ് കുട്ടനാട് പാക്കേജ് നടപ്പിലാക്കിയിരുന്നത്. |
| (ബി) പ്രസ്തുത പാക്കേജ് പ്രകാരം പൂർത്തീകരിച്ച നിർമ്മാണ പ്രവൃത്തികളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) കുട്ടനാടിനു പുറമെ മറ്റു പ്രദേശങ്ങളിൽ കുട്ടനാട് പാക്കേജ് പ്രകാരമുള്ള പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; | (സി) കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ കാർഷിക വികസന പദ്ധതികൾ കുട്ടനാടിനു പുറമെ ആലപ്പുഴ ജില്ലയിലെ മറ്റു മേഖലകൾ, പത്തനംതിട്ട, കോട്ടയം എന്നിവിടങ്ങളിലും കുട്ടനാട് പാക്കേജ് പ്രകാരം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. യന്ത്രവൽക്കരണം, നെൽകൃഷി വികസനം, എള്ളു കൃഷി വികസനം, വിത്തുൽപ്പാദനം-വിതരണം, തെങ്ങുകൃഷി വികസനം, തരിശുനില കൃഷി, സംയോജിത വള പ്രയോഗം, മണ്ണിന്റെ ആരോഗ്യപരിപാലനത്തിന് സോയിൽ ഹെൽത്ത് കാർഡ് വിതരണം, ഓണാട്ടുകര മേഖലയിൽ നെല്ല്, എള്ള് , എന്നീ കൃഷികളുടെ പ്രോത്സാഹനം, സീഡ് ഗോഡൌൺ നിർമ്മാണം എന്നീ പദ്ധതികളാണ് സംസ്ഥാന ഫണ്ട് വിനിയോഗിച്ചും ആർ.കെ.വി.വൈ., ആത്മ, വിത്തുവില്ലേജ്, സി.ഡി.ബി. പദ്ധതിയായ ചെറുകിട തെങ്ങിൻ തോട്ടങ്ങളിലെ സമഗ്ര കൃഷി വികസനം എന്നീ പദ്ധകളിലെ ഫണ്ട് വിനിയോഗിച്ചുമാണ് നടപ്പിലാക്കിയിട്ടുള്ളത്. |
| (ഡി) പ്രസ്തുത പാക്കേജ് പ്രകാരമുള്ള വിവിധ നിർമ്മാണ പ്രവൃത്തികൾ നടപ്പിലാക്കിയതിനുശേഷം കുട്ടനാട്ടിലെ നെല്ലുല്പാദനത്തിൽ വർദ്ധന കൈവരിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ? | (ഡി) കുട്ടനാട് പാക്കേജിന്റെ ഭാഗമായി പുതുതായി നെൽകൃഷിയിൽ 410 ഹെക്ടർ പ്രദേശം തരിശു നിലം കൃഷിയോഗ്യമാക്കുകയും (റാണി ചിത്തിര കായലുകൾ) 2014-15-ൽ 443.913 മെട്രിക് ടണ്ണും 2015-16 ൽ 1067.4 മെട്രിക് ടണ്ണും ഉൽപ്പാദനം ലഭിക്കുകയുമുണ്ടായി. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്